**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 166** **23-01-2025-ൽ മറുപടിയ്ക്ക്**

# ഹോമിയോ ഡിസ്പൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. രാജഗോപാലൻ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഹോമിയോ ഡിസ്പൻസറികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്നറിയിക്കുമോ; ഇവിടങ്ങളിൽ ഹോമിയോ ഡിസ്പൻസറികൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് (സർക്കാർ/എൻ.എച്ച്.എം/ എൻ.എ.എം/എസ്.സി.പി ഉൾപ്പടെ) എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പൻസറികൾ അനുവദിച്ചിട്ടുണ്ട്.

**(ബി)** ആയുർവേദം, ഹോമിയോ, അലോപ്പതി ഡിസ്പൻസറികൾ- ഇവ മൂന്നും ഉള്ള എത്ര പഞ്ചായത്തുകൾ സംസ്ഥാനത്ത് ഉണ്ടെന്ന് അറിയിക്കാമോ ?

**മറുപടി:** സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പൻസറികൾ അനുവദിച്ചിട്ടുണ്ട്.

781 പഞ്ചായത്തുകളിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ആശുപത്രി/ഡിസ്പൻസറി നിലവിൽ ഉണ്ട്. 160 പഞ്ചായത്തുകളിൽ ടി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നിലവിലില്ല. വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ നിലവിലില്ലാത്ത പഞ്ചായത്തുകൾ ഉൾപ്പെടെ 218 പഞ്ചായത്തുകളിൽ എൻ.എച്ച്.എം. ന്റെ കീഴിൽ ആയുഷ് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ 214 ഗ്രാമപഞ്ചായത്തുകളിൽ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ നിലവിലില്ല. ഇതിൽ 181 പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും 28 പഞ്ചായത്തുകളിൽ താലൂക്കാശുപത്രി/ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളും 2 പഞ്ചായത്തുകളിൽ ജില്ലാ ആശുപത്രി/ജനറൽ ആശുപത്രികളും 2 പഞ്ചായത്തുകളിൽ സ്പെഷ്യാലിറ്റി ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**